## Ramesh

**From:** "Ramesh" <rameshn@cdactvm.in>
**To:** "Ramesh" <rameshn@cdactvm.in>
**Sent:** Wednesday, April 18, 2007 9:04

കടപ്പാട്:- അരവിന്ദ്

### ഇടപ്പള്ളി മാമാങ്കം (ഭാഗം 1)

ചെങ്ങന്നൂര് ഡിഗ്രി പഠിച്ചു കൊണ്ടിരുന്ന ഭൂരിഭാഗം സമയവും, നല്ലോം തിന്നണം, സിനിമ കാണണം(നൂൺ ഷോയും മാറ്റിനിയും 1:5 മിനിമം അനുപാതം), സുന്ദരികളെ കഠിനമായി പ്രേമിച്ച് കല്യാണം കഴിക്കണം, കോടിക്കണക്കിന് രൂപായുണ്ടാക്കി (എങ്ങനെയുണ്ടാക്കി എന്നത് ഔട്ട് ഓഫ് സിലബസ് ക്വറ്റ്യൻ ആണ്) സുഖിച്ച് ജീവിക്കണം എന്നൊക്കെയല്ലാതെ നന്നായി പക്കണം, പാസ്സാവണം, ജോലി വാങ്ങണം എന്ന ആഗ്രഹമൊന്നും എനിക്കുണ്ടായിരുന്നില്ല.

-കൂടെ പഠിക്കുന്ന ഒരുത്തന് മാസം പതിനേഴായിരം രൂപാ ശമ്പളത്തിൽ വിപ്രോയിൽ ജോലി കിട്ടുന്നത് വരെ.

മാസത്തിൽ ചങ്ങനാശേരി അഭിനയയിൽ മൂന്ന് റിലീസ് പടം, ചെങ്ങന്നൂർ ചിപ്പിയിൽ ‘എം.എ.ധവാന്റെ‘ ഒരുപടം, ബസ്സ് കൂലി, ഉച്ചക്ക് ക്യാന്റീൻ ഫുഡ്, വൈകുന്നേരം കടി-പോത്തരിക്കൻസിലെ മസാലദോശ, രാത്രി കോഫീഹൌസിലെ പറോട്ട ബീഫ്, ക്ലാസ്സിൽ കയറുന്നവരുടെ നോട്ടിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പികൾ, മേക്കപ്പ് സാമഗ്രികൾ, പെൺപിള്ളേർക്ക് കൊടുക്കാൻ കത്ത്, ഗ്രീറ്റിംഗ് കാർഡ്, കിറ്റ്കാറ്റ്..എല്ലാം കൂടി കൂട്ടിയാലും ആകെചിലവ് അഞ്ഞൂറിൽ താഴെ ഒതുങ്ങും. അപ്പോളാണ് കൂടെയുള്ള ഒരുത്തന് പതിനേഴായിരം രൂപാ മാസശമ്പളത്തിൽ പഠിത്തം തീരുന്നതിനും മുൻപേ ജോലി!

എങ്ങനെ സഹിക്കും!

അക്കാലത്ത് ഞങ്ങളുടെ ക്ലാസ്സിൽ ശക്തമായ രണ്ട് വിഭാഗം ആൺപിള്ളേരാണ് ഉണ്ടായിരുന്നത്. ഒന്നാമത്തെ വിഭാഗം : ‘ബ്രാ‘ മെംബേർസ് . ബ്രാ എന്നാൽ ബാക്ക് റോ അസോസിയേഷൻ, അതായത് ക്ലാസ്സിലെ പിൻ സീറ്റുകളിൽ ഇരിക്കുന്നവർ എന്നർത്ഥം. അസൈൻമെന്റൊന്നും നേരത്തിനും കാലത്തിനും ചെയ്യാത്തവർ. സപ്ലിക്ക് മുകളിൽ സപ്ലി ഉള്ളവർ. ക്ലാസിലിരുന്നില്ലേൽ അദ്ധ്യാപർ സന്തോഷത്തോടെ അറ്റന്റൻസ് കൊടുക്കുന്നവർ, ക്ലാസ്സിൽ ബഹളമുണ്ടാക്കുന്നവർ-പഠിപ്പിക്കാൻ വരുന്ന പുതിയ ടീച്ചറെ ചരക്കെന്ന് വിളിക്കുന്നവർ, ഫുട്ബോൾ ഗ്രൌണ്ടിലെ ഗോൾ പോസ്റ്റിൽ ചാരിനിന്ന് സിഗർട്ട് വലിക്കുമ്പോൾ സാക്ഷാൽ പ്രിൻസി വന്നാലും കുറ്റി താഴെയിടാത്തവർ,വെള്ള-ഗ്രേ യൂണിഫോമിൽ ഗ്രേ പാൻസിനു പകരം നീല-കറപ്പ്-ഗ്രേ

കളറുകളിലുള്ള ജീൻസിട്ട് കൊളേജിൽ വരുന്നവർ, ക്ലാസിലെ 'പീസാ'യ ഡെയ്സി ഇന്ന് ടയേർഡ് ആയി ഇരിക്കുന്നതിന്റെ കാരണം മെൻസസ് ആണോ അതോ അവൾടെ ലൈൻ സീനിയർ ജിജോയുടെ കൈക്കരുത്താണോ എന്ന് കൂലംകഷമായി ചർച്ച ചെയ്യുന്നവർ, ചെങ്ങന്നൂർ ചിപ്പിയിലെ സ്ഥിരം കുറ്റികൾ, വെള്ളമടിക്കാർ, ഒഴപ്പന്മാർ, ചുണയുള്ളവന്മാർ..അങ്ങിനെയങ്ങിനെ പലപേരുകളിൽ അറിയപ്പെടുന്നവർ.

രണ്ടാമത്തെ വിഭാഗമാണ് 'ഫാർട്ട് ' മെംബർമാർ ..അത് ബ്രാ മെംബേർസ് കല്പിച്ച് നൽകിയ പേരാണ്. "ഫ്രന്റിലെ ആണുങ്ങളുടെ റോയിലെ തെണ്ടികൾ" എന്നതിന്റെ ചുരുക്കം.
എല്ലാ ക്ലാസ്സിലും കയറുന്നവർ, ഫ്രീ അവറൊന്നു കിട്ടിയാൽ ലൈബ്രറിയിൽ പോകുന്നവർ, റ്റീച്ചർമാരോട് പഠിത്ത സംബന്ധമായ ചോദ്യം ചോദിക്കുന്നവർ, അസൈൻമെന്റ് സമയത്ത് ചെയ്യുന്നവർ, എക്സ് റേറ്റഡ് വർത്തമാനമോ കമന്റോ കേട്ടാൽ "ഓ ജീസസ്" എന്ന് പറഞ്ഞ് രംഗം കാലിയാക്കുന്നവർ, യൂനിഫോം കറക്ടായിട്ട് കോളേജിൽ വരുന്നവർ, ആരെങ്കിലും തന്തക്ക് വിളിച്ചാൽ പ്രിൻസിയോട് കംപ്ലേയിന്റ് ചെയ്യും എന്ന് പറയുന്നവർ, പാക്രികൾ എന്നറിയപ്പെടുന്നവർ, പഠിപ്പിസ്റ്റുകൾ, ബുജികൾ, സൽസ്വഭാവികൾ, അയ്‌വാണികൊയ്‌വാണികൾ.......

ഞാൻ വിഭാഗം നമ്പ്ര ത്രീയിൽ ആയിരുന്നു.
അതായത് രണ്ട് വിഭാഗത്തിന്റേയും നടുവിൽ ....ഒരു വിഭാഗത്തിലും പെടാതെ..ക്യാന്റീനിലെ വട പോലെ...ഉഴുന്നായത് കൊണ്ട് ഉഴുന്നുവടയാകാം..ഉള്ളിയുള്ളത് കൊണ്ട് ഉള്ളിവടയുമാകാം.എന്നാലേതാണെന്ന് വ്യക്തമായിപ്പറയാൻ പറ്റാത്ത നിഗൂഢത. വേണ്ടതാണെന്ന് വിചാരിച്ച് വേണേൽ തിന്നേച്ച് പോ എന്ന വെല്ലുവിളിയുയർത്തുന്ന ഒരു മരീചിക. ഇടിവെട്ടിയ തെങ്ങിലെ പെട്ടത്തേങ്ങക്കകത്ത് കുലുങ്ങുന്നത് മഴവെള്ളമോ അതോ തേങ്ങാവെള്ളമോ എന്ന് തീർച്ചപ്പെടുത്താൻ കഴിയാത്ത കണക്കുള്ള ഒരു പ്രഹേളിക.

'ബ്രാ'യിലെ ജോഷി "ഡേയ് മ***രേ..പടത്തിന് വരണോടാ?" എന്ന് ചോദിക്കുമ്പൊൾ 'വരാലോ..ടിക്കറ്റ് നീയെട് '' എന്ന് പറഞ്ഞ് ക്ലാസ്സ് കട്ട് ചെയ്ത് ചെന്നും, വെള്ളമടിപാർട്ടികളിൽ സോഡായൊഴിച്ച് കൊടുത്തും, പാമ്പായവരെ ബൈക്കിൽ കയറ്റി ഹോം ഡെലിവറി നടത്തിയും മറ്റും ബ്രാ യോടും, ഫാർട്ടിലെ ജോണിനോട് (കോളേജിലെ ഇവാഞ്ചലിക്കൽ പ്രവർത്തനങ്ങൾ മൂലം ജോൺ ദ ബാപ്റ്റിസ്റ്റ് എന്ന് മാന്യന്മാരുടെയിടയിലും ജോൺ ദി റേപ്പിസ്റ്റ് എന്ന് മറ്റുള്ളവരുടെ ഇടയിലും അറിയപ്പെട്ടിരുന്ന ജോൺ 'കുഞ്ഞാട്'' ) ലോഹ്യം പറഞ്ഞും, അവന്റെ ചാപ്പലിലെ മീറ്റിന് കർട്ടൻ വലിച്ച് കൊടുത്തും, നോട്ടീസൊട്ടിക്കാൻ നടന്നും ഫാർട്ടിനോടും ഞാൻ വിധേയത്വം പുലർത്തിപ്പോന്നു.
അസൈന്മെന്റുകൾ ഫാർട്ട് മെംബേർസിന്റെ അടുത്ത് നിന്ന് വാങ്ങി കോപ്പിയടിച്ചെഴുതി, അത് ബ്രാ മെംബേർസിന് ഈച്ചക്കോപ്പി നടത്താൻ കൈമാറുക എന്ന ജോലി എന്റേതായിരുന്നു. ബ്രാക്കാർ

ഫാർട്ട്കാരോട് നേരിട്ട് ചോദിക്കില്ല. ഈഗോ പ്രശ്നം.

അങ്ങനെ എല്ലാം മാനേജ് ചെയ്ത് ഒരത്രുക്കൂടെ അങ്ങനെ സ്വസ്ഥമായി പോയിക്കൊണ്ടിരിക്കുമ്പോളാണ് ഫാർട്ടിലെ ഒരുത്തൻ എറണാകുളം പോയി വിപ്രോയിൽ ജോലിയൊപ്പിച്ചുകൊണ്ട് വന്നത്...മാസം പതിനേഴായിരം രൂപാ! ക്ലാസിന്റെ സന്തുലിതാവസ്ഥ ആകെ തകിടം മറിഞ്ഞു. ബ്രായിലെ ഒരോരുത്തരം സപ്ലി ലിസ്റ്റുകളിലെ സബ്ജെക്റ്റുകളിൽ നോക്കി നെടുവീർപ്പിട്ടു. പഞ്ചമി ബാറിലിരുന്നു ഓരോ പെഗ്ഗും ബോട്ടംസ് അപ്പ് ആക്കിയശേഷം കാലിഗ്ലാസ്സ് വിപ്രോക്കാരന്റെ നെഞ്ചത്താണ് വെയ്ക്കുന്നതെന്ന് സങ്കല്പിച്ച്, മേശപ്പുറത്ത് ആഞ്ഞടിച്ചു വച്ചു.

മിഡിൽ റോക്കാരനായ എനിക്കുമുണ്ടായിരുന്നു നാലാം സെമസ്റ്ററിലെ ഫുള്ള് സബ്ജക്റ്റ്സ് സപ്ലി. ചില ‘‘ക്യാമ്പസ് സേവനങ്ങളിൽ‘‘ ടി കാലത്ത് വ്യാതൃപ്തനായിരുന്നതിനാൽ എനിക്ക് നാലാം സെം മൊത്തം പരീക്ഷ സ്കിപ്പ് ചെയ്യേണ്ടി വന്നിരുന്നു.
ഒന്നും രണ്ടും പേപ്പറായി എഴുതിയെഴുതി, അവസാന സെമസ്റ്ററായപ്പോഴേക്കും ഒരു പേപ്പർ കിട്ടാൻ ബാക്കി വന്നു. മൂത്ത് നരച്ച് അത് ‘ക്രിട്ടി‘ ആയി. അതായത് ഒറ്റത്തവണകൂടിയെഴുതാം. ഇല്ലെങ്കിൽ കട്ടേം പടോം മടക്കി വീട്ടിൽ പോകാം.
ജോലി കിട്ടാൻ സപ്ലി ഒരു വിഘ്നാതമാണെന്നത് തികച്ചും ഒരു പുതിയ അറിവായിരുന്നു എനിക്ക്. അല്ല, പഠിക്കുന്നത് തന്നെ ജോലി കിട്ടാനാണ് എന്നതു വളരെ പുതിയ അറിവായിരുന്നല്ലോ.

കേരളത്തിലെ എഞ്ചിനീയറിംഗ് പിള്ളേർക്ക് അക്കാലത്ത് ജോലി ലഭിച്ചിരുന്നതെങ്ങിനെയായിരുന്നു എന്നു വച്ചാൽ..
എറണാകുളം കേന്ദ്രമാക്കി ഫ്രെഡ്സ് എന്നൊരു സ്ഥാപനം ഒരു മിസ്സസ്സ് മത്തായി നടത്തിപ്പോന്നിരുന്നു. വനിതയിലെ യേശുദാസിന്റെ കാർട്ടൂൺ കഥാപാത്രം മിസ്സസ്സ് നായരെപ്പോലെയുള്ള ഒരു മിസ്സസ്സ് മത്തായി. ആളെ എടുക്കാൻ വരുന്ന മറുനാടൻ കമ്പനികൾ ഇവർ വഴി എറണാകുളത്ത് ടെസ്റ്റ്, ഇന്റർവ്യൂ ഇവ അറേയ്ഞ്ച് ചെയ്യുന്നു. അതിനെല്ലാം അവർക്ക് കമ്മീഷൻ കൊടുക്കുന്നു. പിള്ളേർക്ക് ജോലി, മത്തായിക്ക് കമ്മീഷൻ, കമ്പനിക്ക് ആള്, എല്ലാവരും കുശി കുശി.

കിട്ടുമെന്ന് തരിമ്പും ഉറപ്പില്ലെങ്കിലും ഒന്നു രണ്ടെണ്ണത്തിന് കറക്കിക്കുത്താൻ ഞാനും പോയിരുന്നു. എഴുതിയതിനൊന്നും കിട്ടിയില്ല, ബാക്കിയുള്ളവയ്ക്ക് സപ്ലിയുള്ളവർക്ക് അയിത്തം കല്പിച്ച് കമ്പനിക്കാർ പടിയടച്ചു പിണ്ഡം വച്ചു. ആ സമയങ്ങളിൽ സിലോൺ ഹോട്ടലിലെ ബിരിയാണിയും, ലിറ്റിൽ ഷേണായീസിലെ പടവും മറൻ ഡ്രൈവിലെ കളറുകളും മനസ്സിന് ആശ്വാസമേകി. സപ്ലിയുള്ളത് വീട്ടിൽ പറഞ്ഞിട്ടില്ല..കൂടെ പഠിക്കുന്നവരിൽ പലർക്കും ജോലി കിട്ടിയെന്നതും. ഒരോ തവണയും കൊച്ചിയിൽ പോയി വരുമ്പോൾ ജോലി കിട്ടിയോടാ എന്ന ചോദ്യത്തിന് ഉത്തരമൊന്നും നൽകാതെ റൂമിൽ പോയി കതകടച്ചിരുന്നു, യൂണിവേഴ്സിറ്റിയേയും വിപ്രോയേയും പ്രാകി. ഒരോ

തവണയും അമ്മയുടെ കണ്ണിലെ , ആദ്യം തെളിയുന്ന പ്രതീക്ഷയും പിന്നെ വരുന്ന നിരാശയും, പിന്നെ വരുന്ന ശാന്തതയും കണ്ടില്ലെന്ന് നടിച്ചു.

ആയിടക്കാണ് കൊച്ചിയിൽ ഹൈദ്രാബാദിൽ നിന്നും കുറേ തെലുങ്കൻമാർ എഞ്ചിനീയറിംഗ് കുട്ട്യോളെ പിടിക്കാൻ വന്നിറങ്ങിയത്.
സത്യസമത്വസുന്ദരമായ നീതിയിൽ വിശ്വസിക്കുന്നത് കൊണ്ടാണോ, മറന്ന് പോയത് കൊണ്ടാണോ , അതോ കമ്പനി ഓണർക്ക് പണ്ട് സപ്ലീയടിച്ചിരുന്നത് കൊണ്ടാണോ ആർക്കറിയാം, എല്ലാവർക്കും വന്ന് ഭാഗ്യം പരീക്ഷിക്കാം എന്നറിയിപ്പുണ്ടായി.

ശനിയാഴ്ച അതി രാവിലെ പതിവ് പോലെ ഇടപ്പള്ളി പള്ളിക്ക് ഓപ്പസിറ്റുള്ള സ്കൂളിൽ കേരളത്തിന്റെ നാനാ ഭാഗത്ത് നിന്നുമുള്ള എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ കൺസ്ട്രക്ഷൻ സൈറ്റിൽ അണ്ണാച്ചികളിറങ്ങും പോലെ ലോഡ് ലോഡായി വന്നിറങ്ങി.

നാലാം സെമസ്റ്ററിലെ ബാക്കി ഒറ്റപേപ്പർ മാത്രം കിട്ടാനുണ്ടായിരുന്ന ഞാനും, ഒന്നാം സെമസ്റ്റർ മുതൽ എഴുതിയ പരീക്ഷയേക്കാൾ ഏറെ സപ്ലിയുള്ള , മൂത്താപ്പ എന്ന് വിളിക്കുന്ന ബഷീറും തോളോട് തോൾ ചേർന്ന് ആദ്യത്തെ റൌണ്ടായ ബുദ്ധിപരീക്ഷ എഴുതി.
ഒൻപതിന് കഴിഞ്ഞ പരീക്ഷയുടെ റിസൾട്ട് പത്തരക്കേ വരൂ. അതുവരെ എന്തു ചെയ്യും? രാവിലെ ഒന്നും കഴിച്ചിട്ടില്ല. രാവിലെ നാലിന് വീട്ടിൽ നിന്ന് ഇറങ്ങിയതാണ്. ഉറക്കച്ചടവുണ്ട്. ബസ്സ് യാത്രയുടെ ക്ഷീണവും. പതിവില്ലാതെ തലച്ചോർ പ്രവർത്തിപ്പിച്ചതിന്റെ ക്ഷീണം വേറെ.
മറ്റു കോളേജുകളിൽ നിന്ന് വന്ന മാടതത്തകൾ സ്കൂളിന്റെ വരാന്തകളിൽ കൂട്ടം കൂടിയിരിക്കുന്നു. വെറുതെ അവരുടെ മുൻപിൽ കൂടി നടന്ന് ചെത്തണോ? വേണ്ട. ഇതു വരെ ജോലി കിട്ടാത്തവനാണെന്ന് വിചാരിക്കും ഏതായാലും. കാലമൊക്കെ മാറിയിരിക്കുന്നു. ചെക്കന്റെ ഗ്രോസ് സാലറി നോക്കീട്ടാണ് പെണ്ണുങ്ങൾ ഇപ്പം ലൌ ലെറ്ററിന് യേസ്/നോ കൊടുക്കുന്നത്.ആൽമാർത്ഥ കാമുകന്മാർക്കൊക്കെ മാർക്കെറ്റിടിവാണ്.

എങ്കിലും ചുവന്ന ചുരിദാറിട്ട് ആനച്ചെവിയുമായി ഇരിക്കുന്ന, കവിളിൽ മറുകിനാൽ ബ്യൂട്ടീസ്പോട്ടുള്ള അവളെ ഞാനൊന്ന് നോട്ട് ചെയ്തു.

സ്കൂൾ ക്യാമ്പസിൽ നിന്ന് മെല്ലെ പുറത്തിറങ്ങി. കൂടെ വന്നവന്മാരേയൊന്നും കാണാനില്ല. പരീക്ഷക്ക് പൊട്ടുമെന്നുറപ്പായി നൂൺഷോക്ക് വിട്ടതാണോ?
ചുറ്റും നോക്കി. മുൻപിൽ ഇടപ്പള്ളി പള്ളി. അമ്പലമൊന്നുമില്ലേ? ചുറ്റും നോക്കി. ഇല്ല.

പള്ളിയെങ്കിൽ പള്ളി. എല്ലാം ഒരു സിനിമാകൊട്ടകയിലേക്കുള്ള ഡിഫറന്റ് വാതിലുകളല്ലേ? വാതിലല്ല, അകത്തെ സീറ്റാണ് പ്രധാനം.
കുരിശിൽ കിടക്കുന്ന കൃസ്തുവിനേനോക്കി മനസ്സിൽ ഒരുവിട്ടു “ദൈവമേ...ഫസ്റ്റ് റൌണ്ട്

പാസ്സാവണേ..ബാക്കി ഞാൻ നോക്കിക്കോളാം..പാസായാൽ ഒരു മെഴുക് തിരി കത്തിച്ചേക്കാവേ".

ശേഷം ഇടപ്പള്ളി സിഗ്നലിനടുത്തുള്ള ഹോട്ടലിൽ പോയി പൊറോട്ടയും മുട്ടക്കറിയും കഴിച്ചു. വൃത്തികെട്ട സാധനം. പഴകിയതാണെന്ന് തോന്നുന്നു. മുട്ടക്കറിയിൽ ബീഡിച്ചൊയ.മനുഷ്യനെ പറ്റിക്കാനായിട്ട്. ശവങ്ങൾ.
ഒരു റിഗ്ളീസ് വായിലിട്ട് പശു അയവെട്ടും പോലെ ചവച്ച് ക്യാമ്പസിൽ തിരിച്ചെത്തി.

റിസൾട്ട് വന്നിരിക്കുന്നു. ലിസ്റ്റിൽ അങ്ങ് താഴത്ത് അരവിന്ദ് . കെ.
ഉച്ചക്ക് പന്ത്രണ്ടരക്ക് നെക്സ്റ്റ് റൌണ്ട് - ഗ്രൂപ്പ് ഡിസ്കഷൻ.

നേരെ പള്ളിയിലേക്ക് നടന്നു. പുറത്ത് നിന്ന് ഒരു പാക്കറ്റ് മെഴുകുതിരി വാങ്ങി. അകത്ത് കയറാൻ ഇത്തിരി പേടിയുണ്ടായിരുന്നു. ഹിന്ദു അകത്ത് കയറിയാൽ അടി വല്ലതും കിട്ടുമോ?
അകത്ത് കന്യാമറിയത്തിന്റേയും ക്രിസ്തുവിന്റേയും വിഗ്രഹങ്ങൾ. അത് ശരി..ഇവർക്കും വിഗ്രഹാരാധനയാണല്ലേ?
മുന്നിലെ ഇരുമ്പ് താലത്തിൽ മെഴുകുതിരികൾ കത്തുന്നു. പാക്കറ്റ് തുറന്ന് മൊത്തം മെഴുകുതിരിയും കത്തിച്ച് കുത്തി നിർത്തി.
മുട്ടിപ്പായി പ്രാർത്ഥിക്കുന്നവരെ ശല്യപ്പെടുത്താതെ പിറകിൽ കൂടി ചെന്ന് അൾത്താരയുടെ മുൻപിൽ നിന്ന് പ്രാർത്ഥിച്ചു.
"ആദ്യ റൌണ്ട് തള്ളിവിട്ടതിന് റൊമ്പ താൻക്സ്. ദൈവമേ ഇനി ഗ്രൂപ്പ് ഡിസ്കഷൻ കൂടി ഒന്ന് പാസ്സാക്കി തരണേ...പ്ലീസ് പ്ലീസ്....ബാക്കി ഞാൻ നോക്കാം..ഇത് മാത്രം മതി."
അവിടെ നിന്ന് തന്നെ ശിവനേയും പോരിട്ടിക്കാവിൽ ഭഗവതിയേയും ധ്യാനിച്ചു.

പ്രാർത്ഥിച്ചതിന്റെ കുറവ് കൊണ്ട് ജോലി കിട്ടാതിരിക്കരുത്. റെക്കമെന്റേഷന് എത്ര രൂപാ ഇറക്കാനും തയ്യാർ. താൻ പാതി ദൈവം പാതി എന്നല്ലേ? പാസ്സാവാൻ ദൈവത്തിന്റെ 50% മതി.

ഗ്രൂപ്പ് ഡിസ്കഷൻ വൈകി രണ്ടിനാണ് തുടങ്ങിയത്. കുട്ടികളെ എട്ട് പേരുള്ള ഗ്രൂപ്പുകളായി തിരിച്ച്, ഒരോരോ ക്ലാസ്സ് റൂമിൽ കയറ്റി. കൂടെ ഒരോ തെലുങ്കനും. സൂപ്പർവൈസറാണത്രെ.
ഞാൻ എന്റെ ഗ്രൂപ്പിനൊപ്പം റൂമിൽ കയറും മുൻപ് ഒരു മിന്നായം പോലെ കണ്ടു - ആനച്ചെവി മറ്റേ ക്ലാസ്സിൽ കയറുന്നു. അപ്പോ അവളും പാസ്സായി അല്ലേ?
ജോലി ഒരേ കമ്പനിയിൽ കിട്ടി, ഹൈദ്രാബാദിൽ ഒരുമിച്ച്, തെലുങ്കിൽ യുഗ്മഗാനം പാടി....ദൈവേ കൊതിപ്പിക്കല്ലേ.

ഗ്രൂപ്പ് ഡിസ്കഷൻ - തരുന്ന വിഷയത്തെക്കുറിച്ച് ഒരു ഗ്രൂപ്പിൽ ഡിസ്കസ് ചെയ്യുക. സമയം പത്ത് മിനിട്ട്. പറയുന്ന രീതി, അതിലെ പോയന്റ്സ്, ആത്മവിശ്വാസം, ഭാഷ, മറ്റുള്ളവരോട് ഇടപഴകുന്ന രീതി, ഇവയെല്ലാം കണക്കാക്കി ആൾക്കാരുടെ കഴിവ് നിശ്ചയിക്കും.

തെലുങ്കൻ വിഷയം തന്നു. "ലൌ മാര്യേജ് വേർസസ് അറേഞ്ച്ഡ് മാര്യേജ്. വിച്ച് ഈസ് ബെറ്റർ?"

ഏത് ഗ്രൂപ്പ് ഡിസ്കഷനിലും സംഭാഷണം തുടങ്ങുന്ന ആൾക്ക് ഒരു അഡ്വാന്റേജ് കിട്ടുമെന്നറിയാമായിരുന്നു (ഗാംബിറ്റ് എന്ന സൂത്രം). എന്തു വിഷയമാണെങ്കിലും ആദ്യം വർത്തമാനം പറഞ്ഞ് തുടങ്ങുന്നത് ഞാനായിരിക്കണം-അതിൽ തെലുങ്കൻ വീഴും-ഞാൻ മനസ്സിൽ കരുതി കാത്തിരുന്നു.
കൂടെയുള്ള എല്ലാ അവന്മാർക്കും അവളുമാർക്കും അതറിയാമെന്ന് എനിക്ക് ഒരു സൂചനയും ഇല്ലായിരുന്നു.

തെലുങ്കന്റെ മുൻപിൽ അതുവരെ കാക്കക്കുഞ്ഞുങ്ങൾ തള്ളക്കാക്കായുടെ മുൻപിൽ വായും പൊളിച്ചിരിക്കുന്ന പോലെ ഇരുന്ന ഞങ്ങൾ വിഷയം കിട്ടിയതും ഒരലർച്ചയായിരുന്നു.

"ലൌ മാര്യേജ് ഈസ് ബെറ്റർ ദാൻ അറേൻഷ്ഡ് മാര്യേജ് ബികോസ് അറേഞ്ച്ഡ് മാര്യേജ് ഈസ് ബാഡ് " എന്ന് പറഞ്ഞത് ഓർമയുണ്ട്.

എല്ലാരും കൂടെ ഒരാർപ്പല്ലായിരുന്നോ!!!!! ഇതുപോലെയൊരാർപ്പ് പണ്ട് ഏതോ മരണവീട്ടീന്നാ കേട്ടത്.
സൈഡീന്നും മുന്നീന്നും പിന്നീന്നും കലപില - കാറൽ.
വവ്വാൽക്കൂട്ടത്തിൽ അമിട്ട് പൊട്ടിച്ചാൽ ഇത്രയും ബഹളമില്ല.

തെലുങ്കൻ, ഇടിവെട്ടിയവന്റെ മണ്ടയിൽ കൂടം കൊണ്ട് മേടിയ പോലെ, മുന്നിൽ കല്ലായി ഇരിക്കുന്നു. എന്തൊക്കെയോ പറഞ്ഞു..ഇംഗ്ലീഷോ തമിഴോ തെലുങ്കോ ഹീബ്രുവോ..........ആർക്കറിയാം..... ഒന്നും ആരും കേൾക്കില്ലെന്നുറപ്പായിരുന്നു. അത്രക്കായിരുന്നു ബഹളം.

സ്റ്റോപ്പ്!!!!!!! എന്ന് തെലുങ്കൻ അലറിയപ്പൊൾ നിർത്തി. ട്രെയിൻ ആലുവാ പാലം കയറിയിറങ്ങിയത് പോലെ-ഒരു ശാന്തത.

തൃശ്ശൂർപ്പൂരം വെടിക്കെട്ട് നടക്കുമ്പോൾ അതിന് പുറം തിരിഞ്ഞിരിക്കുന്ന പൊട്ടനെപോലെ ഇത്രയും ബഹളം നടന്നപ്പോളും ഒരക്ഷരം മിണ്ടാതെ നടുവിൽ "ഇതെന്തായിരിക്കും സംഭവിക്കണത്?" എന്നാലോചിച്ചിരുന്ന ഒരു പാവം യുവാവിനെ നോക്കി തെലുങ്കൻ അലറി.
"യൂ ഡിഫനിറ്റിലി ഔട്ട്....റെസ്റ്റ് ആഫ് യൂ വെയിറ്റ് ഔട്ട് സൈഡ്."

ദൈവമേ..അപ്പോ ഈ റൌണ്ടും കിട്ട്യാ? ഒരു ചെറിയ ശങ്കയോടെ പുറത്തിറങ്ങി. നേരെപോയി ഒരു തംസപ്പ് വാങ്ങിച്ച് അണ്ണാക്കിലൊഴിച്ചു. അത്രക്ക് ചൂടായിരുന്നു തൊണ്ടക്ക്. അജ്ജാതി റേസിംഗ് അല്ലായിരുന്നോ? വെള്ളവും ഓയിലും വറ്റിക്കാണും. പാവം കൊരവള്ളി.

ഒരു കൂട് മെഴുകുതിരി കൂടി വാങ്ങി വീണ്ടും പള്ളിക്കകത്ത് കയറി.
"ഡിസ്റ്റർബ് ചെയ്യുകയാണെന്ന് വിചാരിക്കരുത്..ഇത് ഒന്ന് പാസ്സാക്കി തരണം..എന്റെ

ജീവിതത്തിൽ ഇത്രയും നാണം കെട്ട് ഞാൻ കാറിയിട്ടില്ല.അതോണ്ടാണ്.''
കന്യാമറിയവും ക്രിസ്തുവും തലചരിച്ച് ദീനതയോടെ നിൽക്കുന്നു. ഇവരുടെയല്ലാം തല ചരിഞ്ഞോ ഇരിക്കൊള്ളാ? ആറടിയുള്ള ഞാൻ ബസ്സില് നിൽക്കണ പോലെ. മനസ്സിൽ വന്ന ചിന്തയെ തടുക്കാൻ ശ്രമിച്ചു. നടന്നില്ല.

മെഴുകുതിരി കത്തിച്ച് പള്ളിക്ക് പുറത്തിറങ്ങി.

എല്ലാ ഗ്രൂപ്പിന്റേയും റിസൾട്ട് വന്ന് , ഫൈനൽ ലിസ്റ്റിട്ടപ്പോളേക്കും സമയം ഇരുട്ടി.
ലിസ്റ്റിൽ അഞ്ചാദ്യം..അരവിന്ദ് കെ വീണ്ടും..കർത്താവേ സ്തോത്രം!! ആത്മാർത്ഥമായി പറഞ്ഞുപോയി.

ഇന്റർവ്യൂ നാളെയാണത്രെ. എന്റെ സമയം രാവിലെ എട്ടര.
ഇന്റർവ്യൂവിന് ഫോർമൽ ഡ്രസ്സ് വേണമത്രേ. കാഷ്വൽ പോരാന്ന്.

ബെസ്റ്റ്. ഞാൻ ഇട്ടിരിക്കുന്നത് എന്റെ രൂപത്തിന് വളരെ ചേരും എന്ന് എല്ലാവരും പറയുന്ന ബഫലോയുടെ ജീൻസ് ഷർട്ടും, കുവൈറ്റിലെ രാജേട്ടൻ കഴിഞ്ഞ അവധിക്ക് വന്നപ്പോൾ വീട്ടിൽ ഇട്ടേച്ച് പോയ ''കിൽ-മി'' യുടെ ജീൻസും. പിന്നെ തേഞ്ഞ ഒരു ബാറ്റാ വള്ളിച്ചെരുപ്പും.

ഇപ്പം സമയം ഏഴ്.
ബോഡി സൈസ് പ്രശ്നമല്ലാത്തവർ കൊച്ചിയിലെ കൂട്ടുകാരുടെ ഡ്രസ്സ് കടം വാങ്ങാൻ പോയി.കാശുള്ളവർ ഷർട്ടും പാന്റും വാങ്ങാൻ കൊച്ചിക്ക് പോയി.
എന്റെ കൈയ്യിൽ ഉള്ള കാശ് വണ്ടിക്കൂലി കഴിച്ചൊരു ബിരിയാണിക്ക് പോലുമില്ല. മെഴുകുതിരിക്ക് കുറേ കാശ് പോയിരിക്കുന്നു.

വീട്ടിലേക്ക് ഫോൺ കറക്കി അമ്മയോട് ഗീത ചേച്ചിയുടെ കല്യാണത്തിന് കിട്ടിയ വിവാൾഡി ഷർട്ടും രേണു ചേച്ചിയുടെ കല്യാണത്തിന് കിട്ടിയ പാന്റും തേച്ച് വയ്ക്കാൻ പറഞ്ഞു.
വല്ലതും കഴിച്ചോടാ എന്ന അമ്മയുടെ ചോദ്യം അവഗണിച്ചു. പൂരത്തിന്റേടേലാ ഒരു കഴിപ്പ്.

ചങ്ങനാശേരിയിലുള്ള അബ്രഹാമിനെ കൂട്ട് കിട്ടി. അവനും എന്റെ സെയിം സ്ഥിതി. ഷർട്ട് മാറാൻ വീട്ടിൽ പോണം. സൂപ്പർ ഫാസ്റ്റ് പിടിച്ച് കോട്ടയം ചാടി അവിടുന്ന് ഫാസ്റ്റിന് തിരുവല്ലയിറങ്ങി, ലാസ്റ്റ് ബസ്സ് കയറി വീട്ടിലെത്തിയപ്പോൾ സമയം ഒരു മണി. ആ ദിവസം രാവിലെ എട്ടരക്ക് ഇന്റർവ്യൂ എറണാകുളത്ത്.
മൂന്നരവരെ ഉറങ്ങിയെന്ന് വരുത്തി, കുളിച്ച്, ഷർട്ടും പാന്റും മാറി, ഒരു സ്റ്റീൽ മഗ്ഗിൽ പാലും കുടിച്ച്, ഒരു ടെക്സ്റ്റ് ബുക്കുമെടുത്ത് ഇരുട്ടിൽ പുറത്തിറങ്ങി.
ബൈക്കെടുത്ത് ചങ്ങനാശേരിയിൽ അബ്രഹാമിന്റെ വീട്ടിലെത്തി. അവനെ ബസ്-സ്റ്റാന്റിലോട്ട് പിക്കണം.

അവിടെ അബ്രഹാമിന്റെ വീട്ടിനകത്ത് തേനീച്ചക്കൂട്ടിലെ മൂളൽ പോലെ ശബ്ദം. നോക്കിയപ്പോൾ കുടുംബമടക്കം മുട്ടിൽ നിന്ന് കൂട്ടപ്രാർത്ഥനയാണ്. ജോലി കിട്ടാൻ.
അത് ശരി. അപ്പോ ഇടപ്പള്ളി ഏമാൻ നമ്മടെ ആപ്ലിക്കേഷൻ തള്ളോ ആവോ? സ്വന്തക്കാര് ചെല്ലുമ്പോ നമ്മള് വേറെ ഗ്രൂപ്പാവ്വോ ആവോ. സാരല്ല, ഗുരുവായൂരിലും ശബരിമലയിലും ചെങ്ങന്നൂരിലും ബസ്സിലിരുന്ന് ഒരോ ആപ്ലിക്കേഷൻ കൊടുക്കാം.

“കളഞ്ഞേച്ച് വാഡേയ്” എന്ന് അബ്രഹാമിനെ ആംഗ്യം കാട്ടി.
അബ്രഹാമിനേയും പൊക്കി സ്റ്റാന്റിലെത്തി ബൈക്ക് മൂലക്ക് വച്ച് ലോക്ക് ചെയ്ത് ആലപ്പുഴ ബസ്സിൽ കയറി.
ആലപ്പുഴയിൽ നിന്ന് എറണാകുളത്തേക്ക്.

ചേർത്തലയായപ്പോൾ നേരം വെളുത്തു. കൈയ്യിലിരുന്ന ബുക്ക് തുറന്ന് വായിക്കാൻ ശ്രമിച്ചു.
‘എന്തരെടേ ഇന്ന് പുതിയ സ്വഭാവമൊക്കെ?” എബ്രഹാം കളിയാക്കുന്ന മട്ടിൽ ...
“പോടാ പന്നീ” എന്ന് പറഞ്ഞ് ബുക്കടച്ചു വച്ചു. അവൻ പറഞ്ഞത് ശരിയാ..ആരെ തോൽപിക്കാൻ..മാനമര്യാദക്ക് ചെന്നങ്ങ് പൊട്ടിയാ പോരേ? ഷോ വേണോ?

ഇന്റർവ്യൂ തുടങ്ങിയത് ഒൻപതിന്. ഇന്റർവ്യൂ ചെയ്യുന്നത് രണ്ട് അണ്ണന്മാർ.
ഗുഡ് മോണിംഗ് ഒക്കെ കഴിഞ്ഞ് എന്നെക്കുറിച്ച് പറയാൻ പറഞ്ഞു.

എന്ത് പറയാൻ? ജനിച്ച കൊല്ലം പറഞ്ഞു.
അച്ഛന് പ്രൊമോഷൻ സ്വയം കൊടുത്ത് എഞ്ചിനീയറാണെന്ന് തട്ടി. അങ്ങനേലും ഇമ്പ്രഷൻ വരട്ടെ.
ചേച്ചി എം.എസ്.സി ആണെന്ന് പറഞ്ഞു. മാത്തമാറ്റിക്സ് എന്ന് എടുത്ത് പറഞ്ഞു.
അമ്മ കണക്ക് റ്റീച്ചറാണെന്നും പറഞ്ഞു. ബുദ്ധിയുള്ള വീട്ടാരാണെന്ന് തോന്നിക്കോട്ടെ. അമ്മയെ സ്കൂളിലെ ഹെഡ്മിസ്റ്റ്രസ് ആക്കാരുന്നു എന്ന് പിന്നീട് തോന്നി.

മൂന്ന് മാസം ഷേണായീസിന്റെ പിന്നിലുള്ള വൈ.എം.സി എയിൽ താമസിച്ച് വളഞ്ഞമ്പലത്തുള്ള ഇൻസ്റ്റിറ്റ്യൂട്ടിൽ ചെയ്ത പ്രൊജക്റ്റിനെക്കുറിച്ച് ചോദിച്ചു.
ആ മൂന്ന് മാസം, സരിത-സവിത-സംഗീതയും ചേഞ്ചിന് ലിറ്റിൽ ഷേണായീസും, ജയലക്ഷ്മി തട്ടും, റൂമിൽ ഗുലാൻ പരിശും, മറൈൻ ഡ്രൈവും, ബാക്കി സമയം സപ്ലിക്ക് പഠിത്തവുമായിരുന്നു സാറേ എന്ന് പറഞ്ഞില്ല.
സപ്ലിയെക്കുറിച്ച് ഒരക്ഷരം മിണ്ടിയില്ല.
വേറെ ഇതിലും നല്ല ജോലി കിട്ടിയാൽ ഈ ജോലി വേണ്ടാന്ന് വച്ച് പോകുമോ എന്ന് ചോദിച്ചു.
പോകും എന്ന് പറഞ്ഞു. പിന്നെ പോകാതെ!

പുറത്തിറങ്ങിയപ്പോൾ ആകെ തോന്നിയ ഫീലിംഗ് നല്ല വിശപ്പ് മാത്രമായിരുന്നു.

ഇടപ്പള്ളി സിംഗ്നലിന്റെ ഓപ്പസിറ്റ് പോയി ബേക്കറിയിൽ നിന്ന് പഞ്ചാരബണ്ണും ലിംകയും കുടിച്ചു. രണ്ടേമ്പക്കം വിട്ടു.
ഇനി റിസൾട്ട് എപ്പൊളാണാവോ....ആനച്ചെവി ഊഴം കാത്തിരിക്കുന്നത് ശ്രദ്ധിച്ചിരുന്നു. പേര് നന്ദിനി തോമസാണത്രേ. കോളേജ് പ്രഫസറുടെ മോളാ. അടൂര് പഠിക്കുന്നു. അബ്രഹാമിനറിയാം. വീട് ചങ്ങനാശേരി. സെറ്റപ്പ് കുഴപ്പമില്ല. അപ്പൻ പ്രഫസറായത് കൊണ്ട് ഇത്തിരി ഫോർവേർഡ് ആയി ചിന്തിക്കുമായിരിക്കും. ഒറ്റമോള്. നല്ല സ്വത്തും കാണുമായിരിക്കും. ദൈവമേ നിങ്ങടെ ഒരോരോ പ്ലാൻസേയ്..എനിക്ക് നാണം വന്നു.

എബ്രഹാമിന്റെ ഇന്റർവ്യൂ കഴിഞ്ഞോ ആവോ? നോക്കാൻ നിൽക്കാതെ വീണ്ടും പള്ളിക്കകത്ത് കയറി.
മുൻപിൽ ഒരമ്മച്ചിയും ഒരു യുവാവും മുട്ടിൽ നിന്ന് പ്രാർത്ഥിക്കുന്നുണ്ട്. കടുത്ത എന്തോ ആവശ്യമായിരിക്കും.
പിന്നിൽ ഒഴിഞ്ഞ ബെഞ്ചുകൾ.

പിന്നിലെ ഒരു ബഞ്ചിൽ പോയി ഇരുന്നു. അൾത്താരയിലെ ഡിസൈൻ നോക്കിയിരുന്ന് കണ്ണ് പുളിച്ചു.
ഇന്നലെതൊട്ട് ഉറക്കം ശരിയായിട്ടില്ല. ഉറക്കം കണ്ണുകളിൽ ഊഞ്ഞാലല്ല, സാക്ഷാൽ ട്രപ്പീസ് കെട്ടി ആടുന്നു.

മുൻപിലത്തെ ബഞ്ചിന്റെ ചാരുപലകയിൽ കൈ വച്ച് അതിന്റെ മുകളിൽ തല വച്ച് കുനിച്ചിരുന്നു.

ആരോ വന്ന് തൊളിൽ തട്ടിയപ്പോളാണ് ഉറക്കം ഞെട്ടി തലപൊക്കി നോക്കിയത്. സമീപം ഒരു താടിക്കാരൻ.
യേശുകൃസ്തു? ഏയ്..അങ്ങേർക്ക് കഷണ്ടിയില്ലല്ലോ..പള്ളീലച്ചൻ? അല്ല ളോഹയുമല്ല.
തട്ടിയുണർത്തി അയാള് നടന്ന് പോയി. പ്രാർത്ഥിക്കാൻ വന്ന ആരോ ആവണം.

നേരെയിരുന്ന് വാച്ച് നോക്കി. അമ്മേ..സമയം പന്ത്രണ്ടര. രണര -മൂന്ന് മണിക്കൂറായി പള്ളികകത്തിരുന്ന് ഉറക്കം തുടങ്ങീട്ട്.
കാൽചുവട്ടിലേക്ക് നോട്ടം പാളി. അയ്യോ...വെള്ളം. അവിടെ വെള്ളം കെട്ടികിടക്കുന്നു.
തവളമുട്ടപോലെ അർദ്ധഗോളാകൃതിയിൽ നിന്നിരുന്ന ആ വെള്ളക്കെട്ടിൽ ഒന്നു രണ്ടുറുമ്പുകൾ ചത്ത് പൊങ്ങിക്കിടക്കുന്നു.
ഇതെവിടെ നിന്ന് വന്നു? മഴപെയ്ത്ത് ചോർന്നോ? ഇല്ല.

പെട്ടെന്ന് കത്തി. മുൻപിലേക്ക് ചാരിയിരുന്നു ഉറങ്ങിയപ്പോ കടവായീന്ന് താഴെ പോയതാണ്. തേൻ.

ശേ...സംഗതി ചവുട്ടി തേക്കണോ, ഷൂസിന്റെ അറ്റം വച്ച് ചാലു കീറി പല വഴിക്ക് തിരിച്ചു വിടണോ? ആരെങ്കിലും കണ്ടാൽ..പള്ളിയിൽ പുണ്യാഹ പൂജക്ക് ചെലവ് കൊടുക്കേണ്ടി വരുമോ?

അവസാനം ഒന്നും ചെയ്യാതെ , ഇൻ ചെയ്ത ഷർട്ടെടുത്ത് പുറത്തിട്ട്, മുഖം തുടച്ച് , പതുക്കെ അൾത്താരയുടെ മുൻപിലെത്തി.

കന്യാമറിയത്തെ നോക്കി " മഹാമായേ സർവ്വേശ്വരീ ഇന്റർവ്യൂ പാസാവണേ.....ഒരു മുല്ലപ്പൂ മാലയിട്ടേക്കാമേ രണ്ട് പാക്കറ്റ് മെഴുകുതിരിയും കത്തിക്കാമേ" എന്ന് പ്രാർത്ഥിച്ചു. കർത്താവിനോട് ഇനിയും പാസ്സാക്കാൻ പറഞ്ഞാൽ ദേഷ്യപ്പെടും. റിക്വസ്റ്റ് അല്പം മാറ്റിപ്പിടിപ്പിക്കാം.

ഇന്റർവ്യൂവിന്റെ റിസൾട്ട് വന്നപ്പോൾ അരവിന്ദ് കെ എന്ന പേര് വിളിച്ചപ്പോൾ വയറിനുള്ളിൽ വീർപ്പിച്ച് വച്ചിരുന്ന ഒരു മത്തങ്ങാ ബലൂണിന്റെ കാറ്റ് പോയപോലെ ഒരു ഫീലിംഗ് തോന്നി. ഒരു ഭാരമില്ലായ്മ!!!! എനിക്ക് ജോലി കിട്ടിയിരിക്കുന്നു. നന്ദിനിക്കും കിട്ടി, അബ്രഹാമിനും കിട്ടി ! ഇടപ്പള്ളി മാതാവ് എന്റെ സ്വന്തം മാതാവ്! ഇടപ്പള്ളി എന്റെ സ്വന്തം ഇടവക! ആദ്യായി ഒരു പള്ളീൽ കയറി പ്രാർത്ഥിക്കുന്ന മൂന്ന് കാര്യം സാധിക്കും എന്ന് ആരാ പറഞ്ഞേ...അവന് ദീർഘായുസ്സ്!

നേരെപോയി വലിയൊരു മുല്ലപ്പൂ മാല വാങ്ങി. രണ്ടിന് പകരം നാല് പാക്കറ്റ് മെഴുകുതിരി വാങ്ങി. മുല്ലപ്പൂമാല നേരെ പൊയി കന്യാമറിയത്തിന് ചാർത്തി. മുൻപിൽ ഒരു സാഷ്ടാംഗം അടിച്ചു. കാണണവർ കാണട്ടെ, ഹിന്ദുവാണെന്ന്.
നാലാറ് ഇരുപത്തിനാല് മെഴുകുതിരികൾ നിരത്തി കത്തിച്ചു. നിന്ന് കത്തട്ടെ..കർത്താവേ അങ്ങ് വലിയവൻ എന്ന് ആത്മാർത്ഥമായിപ്പറഞ്ഞു.
മനസ്സു നിറഞ്ഞു, കണ്ണ് നിറഞ്ഞു...വിശ്വസിക്കാൻ പ്രയാസം..എനിക്കും ജോലി കിട്ടി. പഠിത്തം തീരും മുൻപേ!

ഹൈദ്രാബാദിൽ ചെന്ന് സെപ്റ്റംബർ അഞ്ചിന് ജോയിൻ ചെയ്യണം.
സപ്ലി ഒരു പേപ്പർ എഴുതാൻ കിടക്കുന്നു. സാരല്ല...അതിന്റെ ഡേറ്റ് യൂണിവേഴ്സിറ്റി അനൌൺസ് ചെയ്തിട്ടില്ല. ഒന്നുകിൽ എഴുതീട്ട് പോകാം, അല്ലെങ്കിൽ ജോയിൻ ചെയ്ത് ലീവ് എടുത്ത് വന്ന് എഴുതാം. ഹോ ലീവ്.....ജോലിയുള്ളവർക്ക് മാത്രമുള്ള ഒരു സാധനം..ഇനി എനിക്കും!

വീട്ടിൽ വിളിച്ചു ജോലി കിട്ടീന്ന് പറഞ്ഞു. ശമ്പളം പതിനയ്യായിരാണത്രേ. ഉറപ്പില്ല. മൂന്ന് ദിവസം കഴിഞ്ഞ് അബാദ് പ്ലാസ ഹോട്ടലിൽ വന്ന് അപ്പോയിൻമെന്റ് ലെറ്റർ വാങ്ങണം. അപ്പോ അറിയാം. വല്ലതും കഴിച്ചോടാ എന്ന അമ്മയുടെ ലാസ്റ്റ് ചോദ്യത്തിന് ഇല്ല, പക്ഷേ ഇപ്പോ പോയി ഒരു ബിരിയാണി കഴിക്കാൻ പോവാമ്മേ, പക്ഷേ വന്നിട്ട് അത്താഴവും കഴിക്കും എന്ന് ഉറപ്പിച്ച് പറഞ്ഞു.

ഇനി ആൾക്കാർ കൂട്ടം പിരിയും മുൻപ് പെൺകുട്ട്യോളടെ മുൻപിലൊന്ന് ചെത്താം..കിട്ട്യോ എന്ന് ആരേലും ചോദിച്ചാൽ കിട്ടി എന്ന് പറയാം. ആനച്ചെവിയോട് കിട്ട്യോ എന്ന് ചോദിക്കാം...എന്തെല്ലാം പ്ലാൻ ചെയ്യണം....കല്യാണം പള്ളിയിലാക്കാനും പ്രത്യേകിച്ച്

ഇടപ്പള്ളിയിലാക്കാനും ഞാൻ ഇപ്പോ റെഡി.

സ്കൂൾ ക്യാമ്പസിലേക്ക് ഉന്മാദനായി "ഇവിടെ കാറ്റിനു സുഗന്ധം..." പാട്ട് മൂളിക്കൊണ്ട് തിരികെ കയറിയപ്പോൾ മുൻപിൽ ബഷീർ നിൽക്കുന്നു.
ഈ ശവി എന്താ ഇവടെ? ഇവൻ ആദ്യ റൌണ്ടിൽ ഔട്ടായതാണല്ലോ.

"അരവിന്നാ ഡേയ്..കിട്ട്യോ?" ചിരിച്ചു കൊണ്ട് ബഷീർ അടുത്തേക്ക് വന്നു.

"ഉം..കിട്ടി" സന്തോഷം മറച്ചു വച്ചുകൊണ്ട് പറഞ്ഞു.പാവം..അവനെ ഇനി സങ്കടപ്പെടുത്തണ്ട.

"അടിപൊളി..പക്ഷേ നിനക്കൊരു പേപ്പറില്ലേടാ കിട്ടാൻ? സപ്ലി? ഫോർത്ത് സെം?"

"ഉം"

"ഇപ്രാവശ്യം അത് നിനക്ക് ലാസ്റ്റ് ചാൻസല്ലേ?"

ആണെടാ...അതിനെന്തറ ഡേഷേ?" പഹയൻ ഒറ്റാൻ വല്ലതും വന്നതാണോ?

"അതിന്റെ പരിക്ഷേടെ ഡേറ്റ് വന്നു ട്ടാ..ഞാൻ യൂണിവേഴ്സിറ്റീൽ പോയേർന്നു"

"എന്നാ?" ഇനി അതെഴുതാൻ ലീവെടുക്കണോ ആവോ..ജോലിയുള്ളവരുടെ ഒരോരോ മെനക്കേടുകളേ.

"പരീക്ഷ സെപ്റ്റംബർ അഞ്ചിന് . തിങ്കളാഴ്ച."

..........
..........

അന്ന് ഇടപ്പള്ളിയിൽ വഴി എറണാകുളത്തേക്കു പോകുന്ന ഒരു ബസ്സിൽ നിന്ന് ഒരു യുവാവ് ബസ്സ് നീങ്ങും മുൻപ് ഇടപ്പള്ളി പള്ളിയിലേക്ക് തല ചെരിച്ച് ഒരു നോട്ടം നോക്കി.
കിരീടത്തിൽ, "കണ്ണീർ പൂവിന്റെ കവിളിൽ തലോടി" പാടി മോഹൻലാൽ നടന്ന് വന്ന് അമ്പലത്തിലേക്ക് നോക്കിയ ആ നോട്ടം പോലെ.

മുഖത്ത് സങ്കടമാണോ, ദേഷ്യമാണോ, നന്ദിയാണൊ, ഞാൻ പിന്നെ എടുത്തോളാ ട്ടാ എന്ന വൈര്യമാണോ.....ആർക്കും നിർവചിക്കാൻ കഴിയാത്ത,
ഡാവിഞ്ചിയുടെ മോണോലിസയുടെ ചിരിയെ വെല്ലുന്നൊരു ഗൂഢഭാവം ആ മുഖത്ത് പ്രതിഫലിച്ചിരുന്നു.

വാൽക്കഷ്ണം : ജോലി കിട്ടണമെന്ന് പ്രാർത്ഥിച്ചു. ജോലി തന്നു. ചേരാൻ പറ്റണം ന്ന് പ്രാർത്ഥിച്ചില്ല,

പരീക്ഷ നേരത്തെയാക്കണം ന്ന് പ്രാർത്ഥിച്ചില്ല.
പ്രാർത്ഥനയുടെ വാച്യാർത്ഥങ്ങൾ കൊണ്ട് ഹിന്ദു ദൈവങ്ങൾ പണ്ട് കുംഭകർണ്ണനടക്കം പലർക്കും ആപ്പ് വച്ചതാണല്ലോ. കൃസ്ത്യാനികളും സെയിം ഗ്രൂപ്പാണെന്ന് മനസ്സിലാകാൻ വൈകി. അല്ലെങ്കിലും കാര്യം വരുമ്പോൾ അവരൊക്കെ ഒറ്റക്കെട്ടാ.

മനുഷ്യരെ വടിയാക്കുന്നതിനും ഒരു ലിമിറ്റുണ്ട്.

അന്ന് ഇടപ്പള്ളിയിലെ ആ ഇരുണ്ട സന്ധ്യയിൽ തകർന്നടിഞ്ഞത് എന്റെ ജോലി സ്വപ്നം മാത്രമായിരുന്നില്ല. അതിലും സങ്കടം മറ്റൊന്നായിരുന്നു.
നന്ദിനി തോമസ്സിനെക്കുറിച്ച് മനസ്സിന്റെ തൂവെള്ള ക്യാൻവാസിൽ വരച്ച വർണ്ണ സ്വപ്നങ്ങൾ കൂടെയായിരുന്നു നിമിഷങ്ങൾ കൊണ്ട്, വീട്ടിലെ കരിമ്പനടിനടിച്ച എന്റെ കിറ്റക്സ് ലുങ്കി പോലെയായത്.

വാൽക്കഷ്ണം രണ്ട് : ഇടപ്പള്ളിയിലെ മാതാവ് എനിക്ക് പോരട്ടിക്കാവിലമ്മക്ക് തുല്യം...അമ്മസത്യം.